പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *3623* 23.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. സർവ്വീസ് നിർത്തലാക്കൽ

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ കെ. എസ്.ആർ.ടി.സിയുടെ എത്ര സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിന്റെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 5257 സർവ്വീസുകൾ നടത്തുന്നതിനാണ് കെ.എസ്.ആർ.ടി.സി അനുവാദം നൽകിയിരുന്നത്. ഈ കാലയളവിൽ 386 സർവ്വീസുകൾ പുതുതായി നടത്തുവാൻ അനുവാദം നൽകുക വഴി 5643 ഷെഡ്യൂൾ ആയി വർദ്ധിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി ഒരു സർവ്വീസും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല. ബസ്സിന്റെയോ ജീവനക്കാരുടെയോ കുറവു കാരണം തീരെ വരുമാനക്കുറവുള്ള ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ റദ്ദാക്കുക മാത്രമേ ചെയ്യാറുള്ളു. |
| (ബി) | കെ.എസ്.ആർ.ടി.സിയുടെ കമ്പനി വൽക്കരണം സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ? | (ബി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ